(ഐ) എറണാകുളത്ത് തീപിടിത്തത്തിൽ നാശനഷ്ടം നേരിട്ടവർക്ക് നഷ്ടപരിഹാരം ഒന്നും ഇതുവരെ നൽകിയിട്ടില്ല. ഈ കാര്യം പരിശോധിച്ചു വരുന്നു.

(ജെ) മുഖ്യമന്ത്രിയുടെ സൈനിക വെൽഫെയർ ഫണ്ടിൽ നിന്നും 104 ലക്ഷം രൂപ കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ കുടുംബത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

ഐഡന്റിറ്റി കാർഡുകളുടെ വിതരണം

(1467) ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഐഡന്റിറ്റി കാർഡ് ഉള്ളവർക്ക് മാത്രമേ വോട്ടവകാശം വിനിയോഗിക്കാൻ കഴിയുകയുള്ളൂ എന്ന് ഇലക്ഷൻ കമ്മിഷൻ അറിയിച്ചിട്ടുണ്ടോ;

(ബി) ഇനി ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ ഐഡന്റിറ്റി കാർഡുകൾ നൽകാനുണ്ട്?

ഉത്തരം

(എ) അടുത്ത വർഷം നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിനു മുൻപ് ഐഡന്റിറ്റി കാർഡു വിതരണം പൂർത്തിയാക്കാൻ ശ്രമിക്കണം എന്നാണ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി ഇതു വരെ 69.5 ശതമാനം വോട്ടർമാർക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞു.

പഞ്ചിംഗ് സമ്പ്രദായം

(1468) ശ്രീമതി കെ. കെ. ശൈലജടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം എന്നുമുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(ബി) എല്ലാ സർക്കാർ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇത് ഫലപ്രദമാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് ഘട്ടങ്ങളായി ആരംഭിക്കുന്നതാണ്. സെക്രട്ടേറിയറ്റിലെ അനക്സ് കെട്ടിടത്തിൽ 01.03.2000 മുതൽ പഞ്ചിംഗ് ആരംഭിച്ചു കഴിഞ്ഞു. ഡി.പി.ഐ., ഡി.എച്ച്.എസ്. ഓഫീസുകൾ, തൃശൂർ കണ്ണൂർ, കൊല്ലം എന്നീ സിവിൽ സ്റ്റേഷനുകൾ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

കളക്ടറേറ്റ് എന്നിവിടങ്ങളിൽ ഒന്നാം ഘട്ടമായും, രണ്ടാം ഘട്ടത്തിൽ സെക്രട്ടേറിയറ്റിലെ മറ്റു കെട്ടിടങ്ങളിലും, വകുപ്പു തലവന്മാരുടെ ഓഫീസുകളിലും തുടർന്ന് പൊതുജനസമ്പർക്കം കൂടുതലായുള്ള മറ്റ് ജില്ലാതല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

ഗതാഗതവകുപ്പ് സെക്രട്ടറിയോട് അപമര്യാദയായി പെരുമാറിയ സംഭവം

(1499) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ ബാബു :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതവകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീമതി നളിനിനെറ്റോയോട് അപമര്യാദയായി മുൻ ഗതാഗത വകുപ്പുമന്ത്രി ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ പെരുമാറിയെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് അവർ സമർപ്പിച്ച കത്ത് പോലീസിന് കൈമാറിയോ; എങ്കിൽ എന്ന്;

(ബി) പ്രസ്തുത കത്തു കിട്ടി എത്ര ദിവസം കഴിഞ്ഞാണ് പോലീസിന് കൈമാറിയത്;

(സി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസെടുത്തുവോ; എങ്കിൽ എന്ന്;

(ഡി) ഈ സംഭവം സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ)-(ഡി) മുൻ ട്രാൻസ്പോർട്ട് സെക്രട്ടറി നളിനി നെറ്റോ മുൻ ഗതാഗത വകുപ്പു മന്ത്രി ഡോ. എ. നീലലോഹിതദാസൻ നാടാർ തന്നോട് അപമര്യാദയായി പെരുമാറിയെന്നാരോപിച്ചു കൊണ്ട് ഒരു പരാതി മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. ഈ പ്രശ്നത്തെ തുടർന്ന് ഗതാഗത വകുപ്പുമന്ത്രി ശ്രീ. നീലലോഹിതദാസൻ നാടാർ തൽസ്ഥാനം രാജി വയ്ക്കുകയും പ്രശ്നത്തെക്കുറിച്ച് കേരളാ ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജ് അന്വേഷിക്കണമെന്ന് സർക്കാർ തീരുമാനിക്കുകയും ചെയ്തു. നളിനി നെറ്റോയുടെ പരാതി ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഡി.ജി.പി.ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ഐ.എ.എസ് ഉദ്യോഗസ്ഥയെ പീഡിപ്പിച്ച കേസ്സ്

(1480) ശ്രീ. ടി. എം. ജേക്കബ്
ശ്രീ. ആർ. ബാലകൃഷ്ണപിള്ള
ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly